# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം നാലാം ഞായർ
മർക്കോ 7,1-23

**"ഫരിസേയരും നിയമജ്ഞരും അവനോടു ചോദിച്ചു: നിന്റെ ശിഷ്യൻമാർ പൂർവികരുടെ പാരമ്പര്യത്തിനു വിപരീതമായി അശുദ്ധമായ കൈകൊണ്ടു ഭക്ഷിക്കുന്നത് എന്ത്?" (മർക്കോ 7,5). മനസ് ശുദ്ധമല്ലാത്തവർ കൈ ശുദ്ധമല്ലാത്തവരെ വിധിക്കുകയും അപഹസിക്കുകയും ചെയ്യുമ്പോൾ അത്തരക്കാർ ഫരിസേയരുടെയും നിയമജ്ഞരുടെയും തലത്തിലേയ്ക്ക് വളരുന്നു!"**

*ക്രിസ്തു യഹൂദരെ കുറ്റപ്പെടുത്തുന്നതിനുള്ള കാരണം; "ദൈവത്തിന്റെ കൽപന ഉപേക്ഷിച്ച്, മനുഷ്യരുടെ പാരമ്പര്യം മുറുകെപ്പിടിക്കുന്നു" എന്നതാണ്. ആത്മപരിശോധനയ്ക്കുള്ള ഏറ്റവും നല്ല സമയം ഇതാണ്!*

ക്രിസ്തുവും ക്രിസ്തുശിഷ്യൻമാരും വചനം പ്രസംഗിച്ചും ജീവിച്ചും യാത്ര ചെയ്യുന്നു. ന്യായത്തിന് മേൽ അന്യായം പറന്നിറങ്ങുന്നത് വിശപ്പിന്റെ വിളി ഭീകരമാകുമ്പോഴാണ് എന്ന് പറയുന്നതുപോലെ ക്രിസ്തുശിഷ്യൻമാർക്ക് വിശന്നപ്പോൾ കൈ കഴുകി ശുദ്ധി വരുത്താതെ ഭക്ഷണം കഴിച്ചു. പക്ഷെ, മോശയുടെ കാലം മുതൽ യഹൂദർ പാലിക്കുന്നു ലിഖിതവും അലിഖിതവുമായ നിയമമാണ് ഫരിസേയരും യഹൂദരും കൈ കഴുകി ഭക്ഷണം കഴിക്കുക എന്നത്. ഇത് പൂർവികരുടെ പാരമ്പര്യമനുസരിച്ച് തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ്.

ഇതിനോട് ചേർന്ന് മറ്റ് ചില പാരമ്പര്യങ്ങളും ഫരിസേയരും യഹൂദരും പാലിച്ചിരുന്നു. പൊതുസ്ഥലത്തുനിന്നു വരുമ്പോഴും ദേഹശുദ്ധി വരുത്താതെ അവർ ഭക്ഷണം കഴിക്കുകയില്ല. കോപ്പകളുടെയും കലങ്ങളുടെയും ഓട്ടുപാത്രങ്ങളുടെയും ക്ഷാളനം തുടങ്ങി മറ്റുപല പാരമ്പര്യങ്ങളും അവർ അനുഷ്ഠിച്ചു പോന്നു. ഈ സന്ദർഭത്തിലാണ് ക്രിസ്തുശിഷ്യൻമാർ കൈ കഴുകാതെ ഭക്ഷണം കഴിക്കുന്നത് ഫരിസേയരും നിയമജ്ഞരും കാണുന്നത്. അവർ ക്രിസ്തുവിനോട് ചോദിച്ചു;

"നിന്റെ ശിഷ്യൻമാർ പൂർവികരുടെ പാരമ്പര്യത്തിനു വിപരീതമായി അശുദ്ധമായ കൈകൊണ്ടു ഭക്ഷിക്കുന്നത് എന്ത്?"

ഫരിസേയർക്കും നിയമജ്ഞർക്കുമുള്ള മറുപടിയായി ക്രിസ്തു പറഞ്ഞു;

"കപടനാട്യക്കാരായ നിങ്ങളെക്കുറിച്ച് ഏശയ്യാ ശരിയായിത്തന്നെ പ്രവചിച്ചു. അവൻ എഴുതിയിരിക്കുന്നു: ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്" (മർക്കോ 7,7).

ക്രിസ്തു നൽകുന്ന മറുപടിയുടെ ശൈലി ശ്രദ്ധിക്കുക. ഉത്തരം ആദ്യം പറഞ്ഞിട്ട് ആ ഉത്തരത്തിലേയ്ക്ക് എത്തുവാനുള്ള കാരണം പിന്നിൽ കുത്തികുറിക്കുന്നു. നിങ്ങൾ കപടനാട്യക്കാരാണ്. അതിനുള്ള കാരണം, അധരങ്ങൾകൊണ്ട് നിങ്ങൾ എന്നെ ബഹുമാനിക്കുന്നുണ്ടെങ്കിലും നിങ്ങളുടെ

ഹൃദയം എന്നിൽ നിന്ന് ഏറെ വിദൂരത്താണ്. നിങ്ങൾ ഇങ്ങനെ ചെയ്യുന്നതിനുള്ള ഏക കാരണം, നിങ്ങൾ ദൈവത്തിന്റെ പ്രീതിയല്ല. മറിച്ച്. മനുഷ്യരുടെ പ്രീതിയാണ് നോക്കുന്നത്. അതിനാൽ, നിങ്ങൾ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കപടതയോടെ പെരുമാറുന്നു. ആദ്ധ്യാത്മിക ജീവിതത്തിലെ ഏറ്റവും വലിയ അപകടം ഏതാണ് എന്ന് ചോദിച്ചാൽ ക്രിസ്തുവിന് പറയാനുള്ള ഉത്തരം കപടത എന്ന് തന്നെയായിരിക്കും. അതുകൊണ്ട് തന്നെ ക്രിസ്തു വചനങ്ങളെ സുവിശേഷഭാഗത്തുനിന്ന് അരിച്ചെടുക്കുമ്പോൾ ക്രിസ്തു ഏറ്റവും അധികം കുറ്റപ്പെടുത്തുന്നതും ശകാരിക്കുന്നതും കപടതയെ കുറിച്ചാണ്.

കർത്താവ് കപടതയെ വെറുക്കുന്നവനാണ്. ശുദ്ധമല്ലാത്ത നിയോഗങ്ങളോടെ കർത്താവിന്റെ മുമ്പിൽ നിൽക്കുകയും അലസമായി ബലിയർപ്പിക്കുകയും ചെയ്യുന്നവരെ കർത്താവ് വെറുക്കുന്നു. അതിനുള്ള ഏറ്റവും നല്ല ഉദാഹരണം കായോലിന്റെയും ആബ്ബേലിന്റെയും ബലിയർപ്പണം തന്നെയാണ്.

കായേൻ കൃഷിക്കാരനും ആബേൽ ആട്ടിടയനുമായിരുന്നു. ഒരിക്കൽ കായേൻ തന്റെ വിളവിൽ ഒരു ഭാഗം കർത്താവിനു കാഴ്ച സമർപ്പിച്ചു. ആബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽക്കുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടുത്തേക്കു കാഴ്ചവച്ചു. ആബേലിലും അവന്റെ കാഴ്ച വസ്തുക്കളിലും അവിടുന്നു പ്രസാദിച്ചു. എന്നാൽ, കായേനിലും അവന്റെ കാഴ്ച വസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല. ഇതു കായേനെ അത്യധികം കോപിപ്പിച്ചു. അവന്റെ മുഖം കറുത്തു. കർത്താവു കായേലിന്റെ കോപിച്ച മുഖം കാണുമ്പോൾ അവനോട് ചോദിക്കുകയാണ്;

"നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തു കൊണ്ട്?"

എന്നിട്ട്, അവനെ ആശ്വാസിപ്പിക്കാനും നന്മ പഠിപ്പിക്കാനുമായി ഇത്രയും കൂടെ കർത്താവ് കൂട്ടി ചേർത്തു;

"ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം" (ഉൽപ 4,7).

കപടത പാപമാണ്... അത് പാപത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വിവേകത്തോടെ ജീവിക്കാനും പ്രവർത്തിക്കാനും സാധിക്കണം. "സ്വർഗ്ഗരാജ്യം ശക്തന്മാർ കൈയ്യടക്കുന്നു" എന്ന് വചനഭാഗം ഓർമ്മപ്പെടുത്തുന്നത് പോലെ ഓജസ്വാടും തേജസ്വാടും കൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കപടതയെ അകറ്റി നിർത്താൻ സാധിക്കണം. കപടതയോടെ പെരുമാറുന്നവൻ മനുഷ്യ ബന്ധങ്ങൾക്ക് വില കൽപ്പിക്കുന്നില്ല. പകരം, തനിക്ക് എന്ത് കിട്ടും എന്നതുമാത്രമാണ് അവന്റെ ചിന്ത. കപടതയോടെ പെരുമാറുന്ന വ്യക്തി വ്യക്തിബന്ധങ്ങളിലും മാനുഷികബന്ധങ്ങളിലും തുളകൾ ഇടുന്നു.

ഒരിക്കൽ തന്റെ 10 വയസ്സുകാരനായ മകന്റെ മുൻകോപം മൂലമുള്ള പ്രവൃത്തികൾ അതിരു കടക്കുന്നുവെന്ന് തോന്നിയപ്പോൾ അവന്റെ കൈയിൽ ഒരു ചുറ്റികയും കുറേ ആണികളും നൽകി കൊണ്ട് അവന്റെ അച്ഛൻ അവനോട് പറഞ്ഞു;

"ഇനി നിനക്ക് ഓരോ തവണ ദേഷ്യം വരുമ്പോഴും മുറ്റത്തെ ചുറ്റുമതിലിൽ ഈ ചുറ്റിക കൊണ്ട് ഓരോ ആണി അടിച്ചു കയറ്റുക. അപ്രകാരം നിന്റെ മുൻ കോപം നിയന്ത്രിക്കാൻ ശ്രമിക്കുക."

ക്രിസ്തുവിന്റെ ശരവാക്കുകൾ കപടതയെ കുറിച്ചാണ്. കപടതയ്ക്ക് കാരണം ഹൃദയത്തോടൊപ്പം മനസും മനസ്സിനോടൊപ്പം ഹൃദയവും ചേരാത്തതാണ്!

തിരക്കേറിയ തന്റെ ആദ്യ ദിനത്തിൽ അവൻ 32 ആണികളാണ് മതിലിൽ തറച്ചു കയറ്റിയത്. പക്ഷെ, ക്രമേണ തന്റെ തെറ്റ് തിരിച്ചറിയുക വഴി ദേഷ്യം നിയന്ത്രിക്കാനും ആണികളുടെ എണ്ണം കുറച്ചു കൊണ്ടുവരുവാനും അവന് കഴിഞ്ഞു. ഒരാണി പോലും തറയ്ക്കാതെ കടു പോയ ഒരു ദിവസത്തിനുശേഷം അവൻ അച്ഛനടുത്തെത്തി അച്ഛനോട് പറഞ്ഞു;

"അച്ഛാ ഞാൻ വിജയിച്ചിരിക്കുന്നു. എനിക്ക് ഇപ്പോൾ എന്റെ മുൻകോപത്തെ നിയന്ത്രിക്കാൻ സാധിക്കും!"

അച്ഛൻ മറുപടി പറഞ്ഞു;

"നല്ല കാര്യം. പക്ഷെ, പരീക്ഷ ഇവിടംകൊണ്ട് തീർന്നിട്ടില്ല. ഇനി, നീ ചെയ്യേണ്ടത്, നീ കോപിക്കാതെ ആണി തറയ്ക്കാത്ത ഓരോ ദിവസവും മുമ്പ് തറച്ചു കയറ്റിയ ഓരോ ആണി വീതം മതിലിൽ നിന്ന് ഊരിയെടുക്കുക."

നീണ്ട 56 ദിവസത്തെ പരിശ്രമത്തിന് ശേഷം അവൻ അവസാനത്തെ ആണിയും ഊരിയെടുത്തു. ഊരിയെടുത്ത ആണിയുമായി അപ്പന് മുമ്പിൽ വന്ന മകനെ കെട്ടിപ്പിടിച്ച് പ്രോത്സാഹിപ്പിച്ചതിന് ശേഷം അപ്പൻ മകനോടൊത്ത് ആ ചുറ്റുമതിലിന് മുന്നിലെത്തി. എന്നിട്ട്, അയാൾ പറഞ്ഞു;

"നോക്കൂ നിനക്ക് ആ ആണികൾ തിരികെ ഊരിയെടുക്കാൻ കഴിഞ്ഞു. പക്ഷെ, അത് സൃഷ്ടിച്ച പാടുകൾ ഇനിയും അവിടെ അവശേഷിക്കുന്നു. മോനെ, സൗഹൃദങ്ങളിലും ബന്ധങ്ങളിലും വാക്കുകളാലും പ്രവൃത്തികളാലും മൂർച്ചയേറിയ ആണികൾ തറയ്ക്കാതിരിൻ പരിശ്രമിക്കുക. കാരണം, അവ സൃഷ്ടിക്കു മുറിവുകൾ ഉണക്കാൻ കഴിഞ്ഞെന്നു വരില്ല!"

മകനെ അപ്പൻ പഠിപ്പിക്കുന്ന പാഠം എത്രയോ വലുതാണ്. കപടത ബന്ധങ്ങളിൽ തുകകൾ ഇടുന്നതിന് തുല്യമാണ്. അത് തീർക്കുന്ന തുളകൾ ഒരിക്കലും ഉണക്കാൻ കഴിഞ്ഞെന്നു വരില്ല. അതിനാൽ, ക്രസ്തു അധികമായി വെറുക്കുന്ന വലിയ തിന്മ, 'കപടത'യെ ഉപേക്ഷിക്കാൻ, അകറ്റി നിർത്താൻ പരിശ്രമിക്കുക! ക്രിസ്തു അന്നും ഇന്നും എന്നും ഏറ്റവും അധികം വെറുക്കുന്ന തിന്മ കപടത തന്നെയാണ്. ഈ വലിയ തിന്മയാണ് ഇന്നും നന്മയ്ക്ക പ്രതിബന്ധമായി നിലയുറപ്പിക്കുന്നത്. പാരമ്പര്യം പാലിക്കാൻ വേണ്ടി നിങ്ങൾ കൗശലപൂർവം ദൈവകൽപന അവഗണിക്കരുത്. ലഭിച്ച പാരമ്പര്യത്തിന് വേണ്ടി ദൈവവചനം നിരർഥകമാക്കുകയും ചെയ്യരുത്!

ഫരിസേയരും ജറുസലെമിൽനിന്നുവന്ന ചില നിയമജ്ഞരും യേശുവിനുചുറ്റും കൂടി... (മർക്കോ 7,1)
അവർ ക്രിസ്തുവിന് ചുറ്റും കൂടുന്നത് ക്രിസ്തുവിനെ വിധിക്കുന്നതിന്. നീയോ?

***"വിശ്വാസമുണ്ടെന്നു പറയുകയും***
***പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന്***
***എന്തു മേൻമയാണുള്ളത്?***
***ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ?"***

യാക്കോബ് 2,14

ഫാ. ജോബി മേനോത്ത്
+91 9447777931